# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3001 13.07.2015-ൽ മറുപടിയ്ക്ക്

### സുരക്ഷാ ഭീഷണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. സുരേഷ് കുറുപ്പ് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) മുൻ കേന്ദ്രമന്ത്രിമാരായ ആർക്കെങ്കിലും നിലവിൽ സുരക്ഷാ ഭീഷണിയുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം എന്ന് വ്യക്തമാക്കാമോ ;

(എ) ഉണ്ട്. മുൻ കേന്ദ്ര മന്ത്രിമാരായ ശ്രീ ശശി തരൂർ, ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ എന്നിവർക്ക് സുരക്ഷാ ഭീഷണിയുള്ളതായും മുൻ കേന്ദ്ര പ്രതിരോധമന്ത്രി എന്ന നിലയിൽ ശ്രീ എ. കെ. ആന്റണി അവർകൾക്ക് വേണ്ട സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പു വരുത്തണമെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) മുൻ കേന്ദ്രമന്ത്രിമാർക്കോ എം. പി. മാർക്കോ സുരക്ഷാഭടൻമാരെ അനുവദിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ വിശദീകരിക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റ കീഴിലുള്ള സുരക്ഷാ ഏജൻസികൾ നടത്തുന്ന സുരക്ഷാ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ മുൻ കേന്ദ്ര മന്ത്രിമാർക്കും, എം. പി. മാർക്കും നൽകേണ്ട സുരക്ഷാ കാറ്റഗറി നിശ്ചയിക്കുകയും അതിനനുസൃതമായി സുരക്ഷാ ഭടൻമാരെ നിയോഗിക്കുകയും ചെയ്യുന്നു. ഇത്തരം സംരക്ഷിതരായ വ്യക്തികൾ സംസ്ഥാനങ്ങൾ സന്ദർശിക്കുന്ന വേളകളിൽ സുരക്ഷ നൽകേണ്ടത് അതതു സംസ്ഥാന സർക്കാരുകളാണ്.

സംസ്ഥാനത്തിലുള്ള മുൻ കേന്ദ്ര മന്ത്രിമാരുടേയും സുരക്ഷാ ഭീഷണിയുള്ള എം. പി. മാരുടേയും സുരക്ഷ, സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി അവലോകനം ചെയ്യുകയും സുരക്ഷ നൽകേണ്ടത് സംബന്ധിച്ച അഭിപ്രായങ്ങൾ സർക്കാരിനെ അറിയിക്കുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഉത്തരവുകളിലൂടെ ഇത്തരം വ്യക്തികൾക്ക് സംരക്ഷണം നൽകുകയാണ് ചെയ്യുന്നത്.

(സി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ആർക്കെങ്കിലും സുരക്ഷാ ഭടൻമാരെ അനുവദിച്ച് കൊടുത്തിട്ടുണ്ടോ ; എങ്കിൽ ആർക്കൊക്കെ എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ആർക്കും തന്നെ സുരക്ഷാഭടൻമാരെ അനുവദിച്ച് കൊടുത്തിട്ടില്ല.

(ഡി) സുരക്ഷാഭീഷണിയുമില്ലാത്തവർക്ക് സുരക്ഷാഭടൻമാരെ അനുവദിച്ചതായി പറയപ്പെടുന്ന നടപടി പുനഃപരിശോധിക്കാനുദ്ദേശമുണ്ടോ ; ജോലിയ്ക്ക് ഹാജരാകാതെ ഹാജർ അടയാളപ്പെടുത്തിയതായി ഏതെങ്കിലും സുരക്ഷാ ഭടനെതിരെ പരാതി ഉണ്ടായിട്ടുണ്ടോ ?

(ഡി) സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി, സംരക്ഷിത വ്യക്തികളുടെയും, സുരക്ഷാ ഭീഷണി നേരിടുന്ന വ്യക്തികളുടെയും സുരക്ഷ അവലോകനം ചെയ്ത് അത്തരം വ്യക്തികൾക്ക് സുരക്ഷ നൽകേണ്ടത് സംബന്ധിച്ച അഭിപ്രായങ്ങൾ സർക്കാരിനെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകളിലൂടെ വ്യക്തികൾക്ക് സംരക്ഷണം നൽകുകയുമാണ് ചെയ്ത് വരുന്നത്. ജോലിക്ക് ഹാജരാകാതെ ഹാജർ അടയാളപ്പെടുത്തിയതായി ഏതെങ്കിലും സുരക്ഷാ ഭടനെതിരെ പരാതി സർക്കാരിന് ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ